**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. ഇസ്മായിലിന്റെ വൃക്ക സംബന്ധമായ ചികിത്സയ്ക്ക് കോഴിക്കോട് പി.വി.എസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. **246/2018/തസ്വഭവ** തീയതി, തിരുവനന്തപുരം, **27.01.2018**

---

പരാമർശം : 1) 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.

2) ശ്രീ. ഇസ്മായിലിന്റെ 30/10/2017 ലെ അപേക്ഷയും ബില്ലുകളും.

3) പഞ്ചായത്ത് ഡയറക്ടറുടെ 29/03/2016 ലെ F2-42285/2013 നമ്പർ കത്ത്.

4) ജില്ലാ മെഡിക്കൽ ഓഫീസറുടെ 07.09.2016 ലെ ബി3/14655/14 ജിമെഒ(ആ)വ നം. കത്ത്.

## <u>ഉത്തരവ്</u>

വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. ഇസ്മായിലിന്റെ വൃക്ക സംബന്ധമായ ചികിത്സയ്ക്ക് കോഴിക്കോട് പി.വി.എസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 74,177.68/-രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 59,342/- (അൻപത്തൊമ്പതിനായിരത്തി മുന്നൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പുവരുത്തി വയനാട്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. ഇസ്മായിലിന്റെ വൃക്ക സംബന്ധമായ ചികിത്സയ്ക്ക് കോഴിക്കോട് പി.വി.എസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ 74,177.68/- രൂപയുടെ 80% ആയ 59,342/- രൂപ (അൻപത്തൊമ്പതിനായിരത്തി മുന്നൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം) ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ചെലവായ തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ) കേരള.
ശ്രീ. ഇസ്മായിൽ, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, വയനാട് ജില്ല.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (25/08/2016 ലെ യു.ഒ.നം. 620346/G2/2016/H&FWD പ്രകാരം)
ധനകാര്യ വകുപ്പ്(24/11/2017-ലെ യു.ഒ.നം. 643710/L3/597/2017/Fin പ്രകാരം)
വെബ് & ന്യൂ മീഡിയ.
ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No. 245/EPA3/15/LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ